'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ച ശ്രീ. ബിജു, മന്നാംകുടിയിൽ എന്നയാൾക്ക് കുഴൽ കിണർ നിർമ്മിച്ച നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.533/2020/LSGD തീയതി,തിരുവനന്തപുരം, 03/03/2020

---

പരാമർശം:- 1 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19/11/2019ലെ കത്ത്.

2 28/01/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.62

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 1-ാം വാർഡിൽ താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ. ബിജു, മന്നാംകുടിയിൽ പോത്താനിക്കാട് എന്ന വ്യക്തിക്ക് സൗജന്യമായി ലഭിച്ച സ്ഥലത്ത് ലൈഫ് ഭവന പദ്ധതിയുലുൾപ്പെടുത്തി വീട് അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിച്ച് അസസ്സ് ചെയ്ത് നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. ബിജുവിന്റെ വീടിരിക്കുന്ന സ്ഥലം വളരെ ഉയർന്നതും പാറയുള്ളതുമായതിനാൽ ഇവിടെ തുറന്ന കിണർ പ്രായോഗികമല്ല. കൂടാതെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈൻ ഒരു കിലോമീറ്റർ അകലെയായതിനാൽ ടി സപ്ലൈലൈനിൽ നിന്നും പൈപ്പ്ലൈൻ വഴി വെള്ളമെത്തിക്കുന്നത് പഞ്ചായത്തിന് താങ്ങാൻ കഴിയാത്ത വിധം ചെലവ് വരുന്നതുമാണ്. ആയതിനാൽ 16/07/2019ൽ ചേർന്ന ഊരുകൂട്ടം, പട്ടികവർഗ്ഗ ഉപപദ്ധതിയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തുറന്ന കിണർ എന്ന പ്രോജക്ടുകൾ റദ്ദ് ചെയ്ത് ടിയാന് കുടിവെള്ളം ലഭ്യമാക്കുന്നതിന് കുഴൽകിണർ നിർമ്മിച്ച് നൽകുന്നതിന് തീരുമാനമെടുത്ത് പഞ്ചായത്തിന് ശുപാർശ ചെയ്യുകയും, 30/08/2019ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ഊരുകൂട്ടത്തിന്റെ ശുപാർശ അംഗീകരിച്ച് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ കുഴൽ കിണർ ഫീസിബിൾ ആണെന്ന് ഗ്രൗണ്ട് വാട്ടർ ജില്ലാ ഓഫീസർ അറിയിച്ചിട്ടുമുണ്ട്. വ്യക്തിഗത കുഴൽ കിണർ നിർമ്മാണം പഞ്ചായത്തിന്റെ പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടിയാന് മറ്റു രീതിയിൽ കുടിവെള്ളം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ കുടുംബത്തിന് 75000 രൂപ ചെലവഴിച്ച് കുഴൽ കിണർ നിർമ്മിച്ച നൽകാൻ അനുമതി ലഭ്യമാക്കണമെന്ന പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി ,

സർക്കാർ ഈ വിഷയം പരാമർശം (2) കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും ശ്രീ. ബിജു, മന്നാംകുടിയിൽ പോത്താനിക്കാട് എന്ന വ്യക്തിയുടെ കുടുംബത്തിന് 75000 രൂപ ചെലവഴിച്ച് കുഴൽ കിണർ നിർമ്മിച്ച നൽകാൻ അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

ജില്ലാ കളക്ടർ, എറണാകുളം

ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ